(ബി) നവംബർ 30 വരെ വാറ്റ് ഇനത്തിൽ 5355.16 കോടി രൂപയും വാറ്റിതര ഇനത്തിൽ 4357.45 കോടി രൂപയും പിരിച്ചെടുത്തു.

(സി) കഴിഞ്ഞ സാമ്പത്തികവർഷം നവംബർ 30 വരെ ഈയിനത്തിൽ പിരിച്ചെടുത്തത് യഥാക്രമം 4375.78 കോടിയും 3547.76 കോടി രൂപയുമാണ്.

എണ്ണക്കമ്പനികൾ, ബിവറേജസ് കോർപ്പറേഷൻ എന്നിവർ ഒടുക്കിയ നികുതി

178 (244) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2010-11 സാമ്പത്തിക വർഷത്തിൽ നവംബർ 30 വരെ എണ്ണക്കമ്പനികൾ നികുതിയിനത്തിൽ എത്ര കോടി രൂപ സർക്കാരിലേക്ക് ഒടുക്കിയെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതേ കാലയളവിൽ ബിവറേജസ് കോർപ്പറേഷൻ നികുതിയിനത്തിൽ എത്ര കോടി രൂപ സർക്കാരിലേക്ക് ഒടുക്കിയെന്ന് വ്യക്തമാക്കുമോ ;

(സി) കഴിഞ്ഞ സാമ്പത്തികവർഷം നവംബർ 30 വരെ മേൽപ്പടി സ്ഥാപനങ്ങൾ യഥാക്രമം എത്ര കോടി രൂപയായിരുന്നു നികുതിയിനത്തിൽ സർക്കാരിലേക്ക് ഒടുക്കിയത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2016.14 കോടി രൂപ.

(ബി) 2165.90 കോടി രൂപ.

(സി) എണ്ണക്കമ്പനികൾ - 1635.05 കോടി രൂപ. ബിവറേജസ് കോർപ്പറേഷൻ - 1704.92 കോടി രൂപ.

ചെക്ക് പോസ്റ്റുകളിൽ ആധുനിക സജ്ജീകരണം

179 (245) ശ്രീ. കെ. കെ. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏതെല്ലാം ചെക്ക് പോസ്റ്റുകളിൽ ആധുനിക സജ്ജീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് ;

(ബി) എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(സി) അഴിമതി നിയന്ത്രിക്കുന്നതിന് ഇത് ഏതൊക്കെ തരത്തിൽ സഹായകമാകുന്നുവെന്ന് വിശദീകരിക്കുമോ ;

(ഡി) സജ്ജീകരണങ്ങൾ ഏർപ്പെടുത്തിയശേഷം നികുതി വരുമാനത്തിൽ എത്ര ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട് ;

(ഇ) പുതിയ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടും നികുതി വരുമാനത്തിൽ ചോർച്ച ഉണ്ടാകുന്നതായി കരുതുന്നുണ്ടോ ; എങ്കിൽ ആയത് തടയാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ആധുനികവൽക്കരണത്തിനുശേഷം ചെക്ക് പോസ്റ്റുകളിൽ ജീവനക്കാരുടെ എണ്ണത്തിൽ കുറവു വരുത്തിയിട്ടുണ്ടോ ; വിശദവിവരം നൽകുമോ ?

ഉത്തരം

(എ) അമരവിള, വാളയാർ, ബംഗ്രമഞ്ചേശ്വർ, കുമിളി, മുത്തങ്ങ, നടപ്പുണി, ചിന്നാർ, ഗോപാലപുരം, ഗോവിന്ദപുരം, മീനാക്ഷിപുരം, ആര്യങ്കാവ്, കോഴിപ്പാറ, വഴിക്കടവ്, ഫെറോക്ക്, കൂട്ടുപുഴ തുടങ്ങിയ ചെക്ക് പോസ്റ്റുകളിൽ ആധുനിക സജ്ജീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) അമരവിള, ആര്യങ്കാവ്, കുമിളി, വാളയാർ, ഗോവിന്ദപുരം, മീനാക്ഷിപുരം, ഗോപാലപുരം, നടപ്പുണ്ണി, കോഴിപ്പാറ, വഴിക്കടവ്, ഫെറോക്ക്, മുത്തങ്ങ, കൂട്ടുപുഴ, ബംഗ്രമഞ്ചേശ്വരം എന്നീ ചെക്ക് പോസ്റ്റുകൾ പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിച്ചു. അമരവിള ചെക്ക് പോസ്റ്റിൽ അഴിമതി തടയുന്നതിനുവേണ്ടി സി.സി.ടി.വി. നിരീക്ഷണ സംവിധാനം ഏർപ്പെടുത്തുകയും അമരവിള, കുമിളി, വാളയാർ, ഗോവിന്ദപുരം, നടപ്പുണ്ണി, കൂട്ടുപുഴ, ബംഗ്രമഞ്ചേശ്വരം എന്നീ ചെക്ക് പോസ്റ്റുകളിൽ ബി.ഒ.ഒ. അടിസ്ഥാനത്തിൽ വെയ് ബ്രിഡ്ജുകൾ സ്ഥാപിക്കുകയും. വാളയാർ, ബംഗ്രമഞ്ചേശ്വരം, ചിന്നാർ തുടങ്ങിയ ചെക്ക് പോസ്റ്റുകളിൽ ഹൈമാസ്റ്റ് ഫ്ളെഡ് ലൈറ്റ് സംവിധാനം ഏർപ്പെടുത്തുകയും ചെയ്തു. കൂടാതെ അഴിമതിരഹിത പദ്ധതിയുടെ ഭാഗമായി അമരവിള, വാളയാർ, ബംഗ്രമഞ്ചേശ്വരം ചെക്ക് പോസ്റ്റുകളിൽ നിയമിക്കപ്പെട്ടിരിക്കുന്ന ഉദ്യോഗസ്ഥർക്ക് താമസസൗകര്യവും ഭക്ഷണസൗകര്യവും നൽകിവരുന്നു. പ്രധാനപ്പെട്ട ചെക്ക് പോസ്റ്റുകളിൽ ജനറേറ്റർ സ്ഥാപിക്കുകയും, വാളയാർ ഔട്ട്-ഇൻ ചെക്ക് പോസ്റ്റുകളിലും വാളയാർ ഔട്ട് ചെക്ക് പോസ്റ്റിൽ ഗ്രീൻ ചാനൽ സംവിധാനത്തിനുവേണ്ടിയും കണ്ടെയ്നർ ഓഫീസ് മൊഡ്യൂളുകളും, ബംഗ്രമഞ്ചേശ്വരം ചെക്ക് പോസ്റ്റിൽ ബാരിക്കേഡ് ഓപ്പറേറ്റേഴ്സ് ക്യാബിനും സ്ഥാപിച്ചു. കൂടാതെ ചെമ്മണാംപതി, കണ്ണിമാരി, അത്തിക്കോട്, മണ്ഡപത്തിൻകടവ്, അറക്കുന്ന് കടവ്, ഉച്ചക്കട, പിരായിൻമൂട്, കള്ളിക്കാട് തുടങ്ങിയ ചെക്ക് പോസ്റ്റുകളിലും കണ്ടെയ്നർ മൊഡ്യൂളുകൾ സ്ഥാപിച്ചിട്ടുണ്ട്.

(സി) വാണിജ്യനികുതി ചെക്ക് പോസ്റ്റുകളിലെ കൈക്കൂലി, മാമൂൽ തുടങ്ങിയവ നിർത്തലാക്കാനും ചരക്കുകളുടെ തൂക്കത്തിലെ വെട്ടിപ്പ് തടയാനും മേൽ നടപടികളിലൂടെ സാധിച്ചു. കമ്പ്യൂട്ടർവൽക്കരണത്തിലൂടെ ചെക്ക് പോസ്റ്റുകൾവഴി കടന്നുപോകുന്ന വാഹനങ്ങളുടേയും, ചരക്കുകളുടേയും വിവരങ്ങൾ നികുതി നിർണ്ണയ അധികാരികൾക്ക് ഉടൻ ലഭ്യമാക്കുന്നതിന് കഴിയുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 2006-07 മുതൽ നികുതി വരുമാനത്തിൽ ഉള്ള വർദ്ധനവിന്റെ ശതമാനം ചുവടെ ചേർക്കുന്നു.

വർഷം	വർദ്ധനവ് (ശതമാനത്തിൽ)
2006-07	24
2007-08	11
2008-09	19
2009-10	14
2010-11	23 (Up to 30-11-10)

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എഫ്) ഇല്ല.

കോഴി കള്ളക്കടത്ത് തടയാൻ നടപടി

180 (246) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ സെയിൽ ടാക്സ് ചെക്ക് പോസ്റ്റുകളിലൂടെ അല്ലാതെ കർണ്ണാടകത്തിൽ നിന്നും വ്യാപകമായി കോഴിക്കള്ളക്കടത്ത് നടത്തുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നാട്ടക്കല്ലിന് സമീപമുള്ള പ്ലാന്റേഷൻ കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്തു കൂടിയുള്ള കോഴിക്കള്ളക്കടത്ത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് പ്ലാന്റേഷൻ കോർപ്പറേഷന്റെ ഉന്നതാധികാരികളുമായി ബന്ധപ്പെട്ട് അതുവഴിയുള്ള കോഴിക്കള്ളക്കടത്ത് തടയുന്നതിനുവേണ്ടിയുള്ള മുൻകരുതലുകൾ എടുക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ വാണിജ്യ നികുതി ഇന്റലിജൻസ് സ്ക്വാഡുകളെ വിന്യസിച്ച് ശക്തമായ പരിശോധന നടത്തുകയും ഇത്തരം നികുതി വെട്ടിപ്പ് തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കോഴിക്കള്ളക്കടത്ത് തടയുന്നതിന് ഇന്റലിജൻസ് സ്ക്വാഡുകളെ 24 മണിക്കൂറും ടി പ്രദേശങ്ങളിലും ജില്ലയുടെ മറ്റു ഭാഗങ്ങളിലും പരിശോധന നടത്തുവാൻ നിയോഗിച്ചിട്ടുണ്ട്. കർശന പരിശോധനയുടെ ഫലമായി നികുതി വെട്ടിപ്പ് നടത്തി കോഴി കള്ളക്കടത്ത് നടത്തിയവരിൽ നിന്നും ഈ വർഷം ഒക്ടോബർ 31 വരെ 93.98 ലക്ഷം രൂപ പിഴ ഈടാക്കി ഖജനാവിൽ ഒടുക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly